(ബി) ഉണ്ടെങ്കിൽ ഈ നിയമം ടെക്നോപാർക്കിലെ ജീവനക്കാർക്കും ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിൽ വരുത്തുന്ന ഭേദഗതി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന മുറയ്ക്ക് ടെക്നോപാർക്കിലെ ജീവനക്കാർക്കും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

തലശ്ശേരി മണ്ഡലത്തിലെ ഐ.ടി. പാർക്ക് നിർമ്മാണം

260 (627) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഐ.ടി പാർക്ക് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി സർക്കാർ എത്ര ഭൂമി നീക്കിവെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തലശ്ശേരിയിൽ ഒരു റൂറൽ ഐ.ടി. & ഇലക്ട്രോണിക്സ് പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി അനുയോജ്യമായ ഭൂമി തലശ്ശേരിയിൽ എരഞ്ഞോളി വില്ലേജിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം ഇതിനായി ഭൂമിയൊന്നും നീക്കിവച്ചിട്ടില്ല

ഔദ്യോഗിക വെബ്സൈറ്റുകളുടെ സുരക്ഷ

261 (628) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റുകൾ ഹാക്കർമാർ തകർക്കുന്ന സ്ഥിതിവിശേഷമുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം ആക്രമണങ്ങൾ ഉണ്ടാകുന്നതിനെതിരെ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) സംസ്ഥാനത്തെ സർക്കാർ വെബ്സൈറ്റുകൾ സുരക്ഷാ ഓഡിറ്റിംഗ് നടത്താറുണ്ടോ ; എങ്കിൽ ആരെയാണ് ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly